ഹൈടെക് കള്ളന്മാരെ കുടുക്കിയത് ഹൈടെക് കേരള പോലീസ്

അന്തർ സംസ്ഥാന വാഹനമോഷ്ടാക്കൾ അറസ്റ്റിൽ

കേരളത്തിൽനിന്നും മോഷ്ടിച്ചത് പതിനാറോളം കാറുകൾ

തിരുവനന്തപുരം: കേരളത്തിൽ നിന്നും പതിനാറോളം കാറുകളടക്കം വിവിധ സംസ്ഥാനങ്ങളിൽനിന്നും നിരവധി വാഹനങ്ങൾ മോഷ്ടിച്ച വാഹന മോഷണ സംഘത്തെ സിറ്റി ഷാഡോ പോലീസ് ചെന്നൈയിൽ നിന്നും പിടികൂടി. തമിഴ്നാട് മധുര സ്വദേശി പരമേശ്വരൻ, തിരുച്ചിറപ്പള്ളി വറനഗേരി ആനന്ദപുരം മേട്ടുതെരുവ് സ്വദേശി മുഹമ്മദ് മുബാരക് എന്ന തക്കാളി മുബാരക് എന്നിവരെയണ് സിറ്റി ഷാഡോ ടീം ചെന്നൈയിൽ നിന്നും അറസ്റ്റുചെയ്തത്.

തിരുവനന്തപുരം സിറ്റിയിൽ കഴിഞ്ഞ ഏതാനും മാസങ്ങളിൽ സ്വിഫ്റ്റ്കാറുകൾ മാത്രമായി മോഷണം പോയിരുന്നു. ഷാഡോ പോലീസ് നടത്തിയ അന്വേഷണത്തിൽ കേരളത്തിൽ തൃശൂർ കേന്ദ്രീകരിച്ചും തിരുവനന്തപുരം കേന്ദ്രീകരിച്ചും ധാരാളം സ്വിഫ്റ്റ്കാറുകൾ മോഷണം പോകുന്നതായും എല്ലാ കാറുകളും ഒരേ ടെക്നോളജി ഉപയോഗിച്ചാണ് മോഷ്ടിക്കുന്നതെന്നും കണ്ടെത്തി. അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള പ്രതികളാണ് ഇവരെന്നു മനസിലാക്കിയതിനെ തുടർന്ന് സിറ്റി പോലീസ് കമ്മീഷണർ പി.പ്രകാശിന്റെ നിർദേശ പ്രകാരം ഡിസിപി ജയദേവിന്റെ മേൽനോട്ടത്തിൽ കൺട്രോൾറൂം അസി.കമ്മീഷണർ സുരേഷ്കുമാറിന്റെ നേതൃത്വത്തിൽ പ്രത്യേക ഷാഡോ സംഘത്തിനു രൂപം നല്കുകയും ചെയ്തു.

അന്വേഷണത്തിന്റെ ആദ്യപടിയായി സിസിടിവി ദൃശ്യങ്ങൾ പരിശോധിച്ചതിൽ പ്രതികൾ അന്യ സംസ്ഥാനക്കാരാണെന്ന് മനസിലായി. തുടർന്ന് അത്യാധുനിക സുരക്ഷകളുള്ള കാർലോക്കിംഗ് സംവിധാനം ഏതു രീതിയിൽ തകർക്കാം എന്നു നടത്തിയ അന്വേഷണത്തിൽ വിദേശത്ത് നിന്നും ഇറക്കുമതി ചെയ്യുന്ന ഒരു പ്രത്യേക ഉപകരണമുപയോഗിച്ച് വാഹനങ്ങളുടെ സെന്റർ ലോക്കിംഗ് തകർക്കാമെന്ന് കണ്ടെത്തി. ഈ ഉപകരണം ഇന്ത്യയിൽ വാങ്ങിയിട്ടുണ്ടോ എന്ന അന്വേഷണം നടത്തിയപ്പോൾ തമിഴ്നാട്ടിലെ ഒരു സംഘം ഇതു വാങ്ങിയിട്ടുണ്ടെന്ന് വ്യക്തമായി.

സിറ്റി ഷാഡോ സംഘം അവിടെ മാസങ്ങളോളം തമ്പടിച്ച് ഈ സംഘത്തെ ചുറ്റിപ്പറ്റി നടത്തിയ അന്വേഷണത്തിൽ പ്രതികൾ ഇവരാണെന്ന് ഉറപ്പാക്കുകയും, കൺട്രോൾറൂം എസി സുരേഷ്കുമാറിന്റ നേതൃത്വത്തിൽ ഇവരെ അതിസാഹസികമായി, പിടികൂടുകയായിരുന്നു.

കേരളത്തിലെ തിരുവനന്തപുരം, തൃശൂർ, പാലക്കാട്, എന്നീ സ്ഥലങ്ങളിൽ നിന്നായി സ്വിഫ്റ്റ്, സ്വിഫ്റ്റ് ഡിസയർ, ഇന്നോവ തുടങ്ങിയ ഇനങ്ങളിൽപ്പെട്ട പതിനാറോളം വാഹനങ്ങളാണ് ഇയാളും സംഘവും മോഷണം നടത്തിയത്. മഹാരാഷ്ട്രയിലെ പൂനെ കേന്ദ്രീകരിച്ച് പത്തോളം വാഹനങ്ങൾ മോഷണം നടത്തിയതായും പ്രതികൾ സമ്മതിച്ചിട്ടുണ്ട്. മുൻപ് മോഷ്ടിച്ച സ്വിഫ്റ്റ് ഡിസയർ, ഇന്നോവ, സ്കല, ബിഎംഡബ്ല്യു തുടങ്ങിയ വിലകൂടിയ വാഹനങ്ങളിൽ വന്നാണ് ഇവർ മോഷണം നടത്താറുള്ളത്.

വാഹനങ്ങൾ ഏറിയ പങ്കും ചെന്നൈ സിറ്റി, മധുര, തിരിച്ചി, വെയിലൂർ ,കോയമ്പത്തൂർ എന്നി വിടങ്ങളിലെ ഇടനിലക്കാർക്ക് തമിഴ്നാട് രജിസ്ട്രേഷൻ ബുക്ക് തയാറാക്കി വിൽക്കുകയാണ് പതിവ്. ചില വാഹനങ്ങൾ പാർട്ട്സുകളായി പൊളിച്ച് വിൽപ്പന നടത്താറുമുണ്ട്.

സംഘത്തലവനായ പരമേശ്വരൻ പൂനെയിൽ കൂട്ടാളികളുമായെത്തി മോഷണം നടത്തിയ കാറുകൾ തമിഴ്നാട്ടിലേക്ക് കൊടുത്തയച്ചശേഷം കോൾഗേൾസുമൊത്ത് ആഢംബരജീവിതം നയിക്കുകയാണ് ഇയാളുടെരീതി. ഇയാൾ വാഹനങ്ങൾ മോഷ്ടിക്കുന്ന ടെക്നോളജി കൂട്ടാളികൾക്ക് പറഞ്ഞ് കൊടുക്കാറില്ല. ഇയാൾ പോലീസ് പിടിയിൽ ആകാതിരിക്കുന്നതിന് വേണ്ടി നിലവിൽ പ്രതികളായവരെ മോഷണത്തിന് കൂടെകൂട്ടാറില്ലെന്ന് ചോദ്യം ചെയ്യലിൽ വ്യക്തമായതായി പോലീസ് പറഞ്ഞു.

അറസ്റ്റിലായ മുഹമ്മദ് മുബാരക്കും പരമേശ്വരനും.

പ്രതികളിൽനിന്നും പോലീസ് കണ്ടെടുത്ത മോഷണത്തിനുപയോഗിക്കുന്ന ഉപകരണങ്ങൾ.

പ്രതികൾ മോഷ്ടിച്ച ആഢംബര കാർ പോലീസ് കസ്റ്റഡിയിൽ.

20 മിനിറ്റുകൊണ്ട് ലോക്ക് തകർത്ത് വാഹനം കടത്തും

തിരുവനന്തപുരം: സിറ്റി ഷാഡോ പോലീസ് ചെന്നൈയിൽ നിന്നും പിടികൂടിയത് ഹൈടെക്ക് കള്ളന്മാരെ. മോഷ്ടാക്കൾ മോഷണത്തിന് ഉപയോഗിക്കുന്നത് അത്യാധുനികരീതികൾ. ചൈനയിൽ നിന്നും ഇറക്കുമതി ചെയ്ത ഉപകരണമുപയോഗിച്ച് അത്യാധുനിക സുരക്ഷകളുള്ള പുതുതലമുറ കാറുകൾ ലോക്ക് മാറ്റി എടുത്ത് കൊണ്ടു പോകാൻ ഇവർക്ക് ഇരുപതു മിനിറ്റിൽ താഴെ മാത്രം മതി. വാഹന മോഷണ മേഖലയിൽ അതിവിദഗ്ധനായ പരമേശ്വരനാണ് സംഘത്തലവൻ. തമിഴ്നാട്ടിൽ കരൂർ, തഞ്ചാവൂർ, ഈറോഡ്, തിരുച്ചി, ആന്ധ്രയിൽ തിരുപ്പതി, കർണാടകയിൽ ബംഗളൂരു എന്നിവിടങ്ങളിലായി എഴുപതോളം വാഹനമോഷണ കേസുകൾ നിലവിലുള്ള പരമേശ്വരന് മോഷണത്തിനായി മാത്രം ഉപയോഗിക്കുന്നതിനായി വ്യാജപേരിലുള്ള സിമ്മുകളും അൻപതോളം മൊബൈൽ ഫോണുകളും ഉണ്ട്. മുൻപ് മോഷ്ടിച്ചെടുത്ത വാഹനങ്ങളിൽ സംഘാംഗങ്ങളുമായി ചെന്നൈയിൽ നിന്നും രാത്രിയോടെ തിരിക്കുന്ന പരമേശ്വരൻ കൂട്ടാളികൾക്ക് ഉപയോഗിക്കാൻ കൈവശമുള്ള ഫോണുകൾ നൽകും, തുടർന്ന് മറ്റു സംസ്ഥാനങ്ങളിലെ ഹൈവേകൾ കേന്ദ്രീകരിച്ചു നീങ്ങുന്ന സംഘം റോഡരികിൽ ആരുടെയും ശ്രദ്ധയിൽപ്പെടാതെ കിടക്കുന്ന വാഹനങ്ങൾക്കടുത്ത് വണ്ടി നിർത്തിയശേഷം കാറുകളുടെ സൈഡ് ഗ്ലാസുകൾ സ്ക്രൂ ഡ്രൈവർ ഉപയോഗിച്ച് ഇളക്കിമാറ്റി അതുവഴി അകത്ത് കയറി, വാഹനത്തിന്റെ അലാറം സംവിധാനം ഡീആക്ടിവേറ്റ് ചെയ്യും. തുടർന്ന് കൈവശമുള്ള പ്രത്യേകതരം ഉപകരണം ഉപയോഗിച്ച കാറിന്റ നിലവിലുള്ള ഇഗ്നേഷ്യൻ സിസ്റ്റം മാറ്റി അവർ കൊണ്ടുവരുന്ന ഡൂപ്ലിക്കേറ്റ് കീയുമായി ലിങ്ക് ചെയ്ത് പുതിയ ഇഗ്നേഷ്യൻ സംവിധാനം ഇൻസ്റ്റാൾ ചെയ്യും. പിന്നീട് കാറിന്റെ സ്റ്റിറിയംഗ് തകർത്ത് കാർസ്റ്റാർട്ട് ചെയ്ത് കടത്തിക്കൊണ്ടുപോവുകയാണ് പതിവ്. പരമേശ്വരനിൽ നിന്നും കാർ തുറക്കുന്നതിനുള്ള നിരവധി ഉപകരണങ്ങളും, വിവിധ കാറുകളുടെ ഡൂപ്ലിക്കേറ്റ് താക്കോലുകളും, ഇറക്കുമതിചെയ്ത നിരവധി ചിപ്പുകളും, നിരവധി മൊബൈൽ ഫോണുകളും, വ്യാജപേരിലുള്ള സിമ്മുകളും കണ്ടെടുത്തു.

> പരമേശ്വരനിൽ നിന്നും കാർ തുറക്കുന്നതിനുള്ള നിരവധി ഉപകരണങ്ങളും, വിവിധ കാറുകളുടെ ഡൂപ്ലിക്കേറ്റ് താക്കോലുകളും, ഇറക്കുമതിചെയ്ത നിരവധി ചിപ്പുകളും, നിരവധി മൊബൈൽ ഫോണുകളും, വ്യാജപേരിലുള്ള സിമ്മുകളും കണ്ടെടുത്തു.

കനത്ത മഴയെ തുടർന്നു നിറഞ്ഞ നെയ്യാർ ഡാമിന്റെ ആകാശ ദൃശ്യം.

നെയ്യാർ അണക്കെട്ടിന്റെ ഷട്ടറുകൾ ഉയർത്തി

നെയ്യാറിൽ കനത്ത ജലപ്രവാഹം: താഴ്ന്ന പ്രദേശങ്ങൾ വെള്ളത്തിൽ; 14 ഓളം വീടുകൾക്ക് നാശം

കാട്ടാക്കട: ഇന്നലെ രാവിലെ മുതൽ തുടങ്ങിയ കനത്ത മഴയിൽ നെയ്യാർ അണക്കെട്ടിലെ ജലനിരപ്പ് ഉയർന്നു. അണക്കെട്ടിന്റെ ഷട്ടറുകൾ ഇന്നലെ ഉച്ചയ്ക്ക് ഉയർത്തി.

നാല് ഷട്ടറുകളും ഒമ്പത് ഇഞ്ച് വീതമാണ് ഉയർത്തിയിരിക്കുന്നത്. മഴ ഇനിയും ശമിച്ചിട്ടില്ല. അതിനാൽ ഷട്ടറുകൾ കൂടുതലായി ഉയർത്തേണ്ടി വരുമെന്ന് അധികൃതർ അറിയിച്ചു. ഇന്നലെ രാവിലെ നാല് ഇഞ്ച് വീതമാണ് ഷട്ടറുകൾ ഉയർത്തിയിരുന്നത്. എന്നാൽ ഡാമിലേക്കുള്ള ജലപ്രവാഹം വർധിച്ചതോടെ ഒരു മണിക്കൂറിനുശേഷം ഷട്ടറുകൾ ആറ് ഇഞ്ചായും പിന്നീട് ഒമ്പത് ഇഞ്ചായും ഉയർത്തി.

നദിക്ക് ഇരുവശത്തുമുള്ള പുരയിടങ്ങൾ വെള്ളത്തിനടിയിലാണ്. താഴ്ന്ന പ്രദേശങ്ങൾ വെള്ളത്തിനടിയിലായി. കള്ളിക്കാട് മുതൽ പൂവാർ വരെ നീണ്ടു കിടക്കുന്ന നെയ്യാറിന്റെ ഇരുകരകളിലും വെള്ളം കയറിയതിനെ തുടർന്ന് വൻ കൃഷി നാശമാണ് സംഭവിച്ചത്. വാഴകൾ ഉൾപ്പടെ നശിച്ചു. താലൂക്കിൽ 14 ഓളം വീടുകൾക്ക് നാശം നേരിട്ടതായി ബന്ധപ്പെട്ട കേന്ദ്രങ്ങൾ പറയുന്നു. ഇതിന്റെ വിശദാംശങ്ങൾ സമർപ്പിക്കാൻ വില്ലേജ് അധികാരികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അടിയന്തര സഹായത്തിനും വിവരങ്ങൾക്കും 0471 2291414 എന്ന നമ്പരിൽ ബന്ധപ്പെടാമെന്ന് തഹസിൽദാർ കെ.പി. ജയകുമാർ അറിയിച്ചു. ഡാമിന്റെ കരകളിൽ താമസിക്കുന്നവർ ജാഗ്രത പാലിക്കണമെന്നും അധികൃതർ അറിയിച്ചു.കാട്ടാക്കട, കുറ്റിച്ചൽ, കള്ളിക്കാട്, അമ്പൂരി, പൂവച്ചൽ, മാറനല്ലൂർ, മലയിൻകീഴ്, വിളപ്പിൽ, വിളവൂർക്കൽ പഞ്ചായത്തുകളിലും തകർത്ത മഴയാണ് ഇന്നലെ പെയ്തത്. ഇപ്പോൾ അണക്കെട്ടിൽ 84.700 മീറ്റർ വെള്ളമുണ്ട്. പരമാവധി ജലനിരപ്പ് 84.750 മീറ്റർ ആണ്.

കേരളാ സർവകലാശാല ക്രോസ് കൺട്രി ചാമ്പ്യൻഷിപ്പിൽ ഓവറോൾ ചാമ്പ്യന്മാരായ അഞ്ചൽ സെന്റ് ജോൺസ് ടീം അംഗങ്ങൾ കോളജ് പ്രിൻസിപ്പൽ റവ.ഡോ. ജയിംസ് സ്റ്റീഫൻ ഓലിയ്ക്കൽ, മാനേജർ ഫാ. ഫിലിപ്, കായികാധ്യാപകൻ പ്രഫ. ജിതിൻ ജോസ്, കായിക പരിശീലകൻ ഏബ്രഹാം മാത്യു എന്നിവർക്കൊപ്പം.

കേരള സർവകലാശാല ക്രോസ് കൺട്രി ചാമ്പ്യൻഷിപ്പ്: അഞ്ചൽ സെന്റ് ജോൺസ് ചാമ്പ്യന്മാർ

അഞ്ചൽ: കേരള സർവകലാശാല ക്രോസ് കൺട്രി ചാമ്പ്യൻഷിപ്പിൽ പുരുഷ വനിതാ വിഭാഗങ്ങളിൽ ഒന്നാമതെത്തി അഞ്ചൽ സെന്റ് ജോൺസ് ഓവറോൾ ചാമ്പ്യന്മാരായി. പുരുഷവിഭാഗത്തിൽ പുനലൂർ എസ്.എൻ കോളജ് രണ്ടാം സ്ഥാനത്തെത്തിയപ്പോൾ കാര്യവട്ടം എൽഎൻസിപി മൂന്നാം സ്ഥാനത്തെത്തി. വനിതാ വിഭാഗത്തിൽ കാര്യവട്ടം എൽഎൻസിപിയ്ക്കാണ് രണ്ടാം സ്ഥാനം. ഇന്നലെ മീറ്റിന്റെ ഔദ്യോഗിക ഉദ്ഘാടനം കോളജ് പ്രിൻസിപ്പൽ റവ. ഡോ. ജയിംസ് സ്റ്റീഫൻ ഓലിയ്ക്കൽ നിർവഹിച്ചു.

ചാമ്പ്യൻഷിപ്പിലെ വ്യക്തിഗത ചാമ്പ്യന്മാരായി പുരുഷ വിഭാഗത്തിൽ തുമ്പ സെന്റ് സേവ്യേഴ്സിലെ അഭിനവും വനിതാ വിഭാഗത്തിൽ കാര്യവട്ടം എൽഎൻസിപിഇയിലെ അക്ഷയും തെരഞ്ഞെടുക്കപ്പെട്ടു.

കായികാധ്യാപകൻ ജിതിൻ ജോസ്, സാഫ് ഗെയിംസ് സുവർണ ജേതാവ് ഏബ്രഹാം മാത്യു എന്നിവരുടെ നേതൃത്വത്തിലാണ് അഞ്ചലിലെ താരങ്ങളുടെ പരിശീലനം. ബൽഗാമിൽ നടക്കുന്ന അന്തർ സർവകലാശാല മീറ്റിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട ഒൻപതുപേർ അഞ്ചൽ സെന്റ് ജോൺസിൽ നിന്നുള്ളവരാണ്. മീറ്റിന്റെ സമാപന സമ്മേളനത്തിൽ ഡോ. ജോർജ് തോമസ് അധ്യക്ഷത വഹിച്ചു. വിജയികൾക്കുള്ള സമ്മാനങ്ങൾ പ്രിൻസിപ്പൽ റവ. ഡോ. ജയിംസ് സ്റ്റീഫൻ ഓലിയ്ക്കൽ വിതരണം ചെയ്തു. ഡോ. ബ്രില്യൻ രാജ്, പ്രഫ. ഷിജോ വർഗീസ്, സർവകലാശാല പ്രതിനിധി പ്രഫ. ജോർജ് തോമസ്, പ്രഫ. ജിതിൻ ജോസ്, ഏബ്രഹാം മാത്യു എന്നിവർ ആശംസകൾ അറിയിച്ചു.

കോൺട്രാക്ടർമാർ ഡൽഹിയിൽ ധർണ നടത്തും

തിരുവനന്തപുരം: അശാസ്ത്രീയതയും അനീതിയും ഒഴിവാക്കാൻ ജിഎസ്ടി ദേശീയ കൗൺസിലും കേന്ദ്ര- സംസ്ഥാന സർക്കാരുകളും തയാറാകാത്തതിൽ പ്രതിഷേധിച്ചു നവംബർ ഏഴിനു കോൺഫെഡറേഷൻ ഓഫ് ഗവൺമെന്റ് കോൺട്രാക്ടേഴ്സ് ഓഫ് ഇന്ത്യ ഡൽഹിയിലെ ജിഎസ്ടി ആസ്ഥാനത്തു ധർണ നടത്തും.

കരാർ പണികളുടെ നിർവചനം ഭേദഗതി ചെയ്യുക, റിട്ടേണുകളുടെ കാലപരിധി വർധിപ്പിക്കുക, നിർമാണ വസ്തുക്കളുടെ നികുതി കുറയ്ക്കുക, പെട്രോൾ, ഡീസൽ എന്നിവയെ ജിഎസ്ടിയിൽ ഉൾപ്പെടുത്തി നികുതി കുറയ്ക്കുക തുടങ്ങിയ ആവശ്യങ്ങളാണ് അറുപതോളം സംഘടനകൾ ഉന്നയിക്കുന്നതെന്നു കെജിസിഎ സംസ്ഥാന പ്രസിഡന്റ് വർഗീസ് കണ്ണമ്പള്ളി പത്രസമ്മേളനത്തിൽ പറഞ്ഞു. രാഷ്ട്രപതി, സംസ്ഥാന ഗവർണർമാർ, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ എന്നിവർക്കു നിവേദനം സമർപ്പിക്കും. രാജ്യവ്യാപക സമരത്തിന്റെ ഭാഗമായി നവംബർ ഒന്നിനു രാജ്ഭവനിലേക്ക് മാർച്ച് നടത്തും.

നവംബർ ഒൻപത്, പത്ത് തീയതികളിൽ ഗോഹട്ടിയിൽ ചേരുന്ന ജിഎസ്ടി കൗൺസിൽ തൃപ്തികരമായ തീരുമാനം എടുത്തില്ലെങ്കിൽ അഖിലേന്ത്യാ അടിസ്ഥാനത്തിൽ കരാറുകാർ ടെൻഡർ ബഹിഷ്കരണത്തിലേക്കും സമരത്തിലേക്കും കടക്കുമെന്നും അദ്ദേഹം പറഞ്ഞു.

വിശ്വാസാനുഭവ ധ്യാനം

കുന്നന്താനം: ചങ്ങനാശേരി അതിരൂപതയുടെ കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വിശ്വാസാനുഭവ ധ്യാനം 22 മുതൽ 26 വരെ നടക്കും. ഫാ.മാത്യു താന്നിയത്ത്, ബ്രദർ ടി.സി.ജോർജ് എന്നിവർ നേതൃത്വം നൽകും. 94469 03631, 8086399023.

ഇരുതലമൂരിയെ വിൽക്കാൻ ശ്രമിക്കുന്നതിനിടെ പിടിയിലായ പ്രതികൾ ഫോറസ്റ്റ് ഉദ്യോഗസ്ഥർക്കൊപ്പം.

ഇരുതലമൂരി പാമ്പിനെ വിൽക്കാൻ ശ്രമിച്ച നാലംഗ സംഘം അറസ്റ്റിൽ

പാലോട് : ഇരുതലമൂരി പാമ്പിനെ വിൽക്കാൻ ശ്രമിച്ച നാലംഗ സംഘത്തെ ഫോറസ്റ്റ് അധികൃതർ അറസ്റ്റ് ചെയ്തു. നെടുമങ്ങാട് കുളപ്പട ഖദീജ മൻസിലിൽ ബി.കെ. ഷബീർ (33), നെടുമങ്ങാട് മുക്കോലയ്ക്കൽ പള്ളിനട വീട്ടിൽ റോബർട്ട് ബ്രൈറ്റ് (38), പോത്തൻകോട് ഫാർമേഴ്സ് ബാങ്കിനു സമീപം മഥുരാപുരിയിൽ വേലായുധൻ (52), കൊല്ലം ആദിച്ചനല്ലൂർ വെളിച്ചിക്കല ഹൗസിൽ ഇല്ല്യാസ്കുട്ടി (56) എന്നിവരാണ് പിടിയിലായത്.

ആനയറ കിംസ് ആശുപത്രിക്ക് സമീപത്തുവെച്ച് പാമ്പിനെ കൈമാറാൻ ശ്രമിക്കുമ്പോഴാണ് ഇവർ പിടിയിലായത്. പാമ്പിനെ കടത്താൻ ഉപയോഗിച്ച സ്കോർപിയോ കാറും സംഘം സഞ്ചരിച്ച ബൈക്കും പിടിച്ചെടുത്തിട്ടുണ്ട്.

പാലോട് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്ക് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ തെരച്ചിലിലാണ് പ്രതികൾ പിടിയിലായത്. ഇവർക്ക് അന്തർസംസ്ഥാന വന്യജീവി കടത്ത് സംഘങ്ങളുമായി ബന്ധമുണ്ടെന്ന് ഫോറസ്റ്റ് അധികൃതർ പറഞ്ഞു.

പാലോട് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ടി.രതീഷ്, ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ ടി. അജികുമാർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരായ ജി.വി.ഷിബു, മണികണ്ഠൻ നായർ ,ബിനുരാജ് തുടങ്ങിയവരുടെ നേതൃത്വത്തിലായിരുന്നു അറസ്റ്റ്.